**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4501** **01-07-2024 - ൽ മറുപടിയ്ക്ക്**

**വെന്നിയൂർ കെ.എസ്.ഇ.ബി. ഗസ്റ്റ് ഹൗസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നിർദ്ദിഷ്ട വെന്നിയൂർ കെ.എസ്.ഇ.ബി. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ നടപടികൾ ഏതുവരെയായി; വിശദാംശം അറിയിക്കാമോ; | (എ) | 2021 ഫെബ്രുവരിയിൽ വെന്നിയൂർ സെക്ഷൻ ഓഫീസ്, പുതിയതായി പണി കഴിപ്പിച്ച മിനിവൈദ്യുതി ഭവനിലേക്ക് മാറുകയുണ്ടായി.<br><br>NH 66 ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട നിലവിലെ റോഡ് 35 മീറ്റർ വീതിയിലാക്കുന്നതിന്റെ ഭാഗമായി, മിനി വൈദ്യുതി ഭവനം സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ തന്നെയുള്ള പഴയ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ പകുതി ഭാഗം പൊളിച്ച് മാറ്റേണ്ടി വരുമെന്നും ബാക്കി ഭാഗം ഇൻസ്പെക്ഷൻ ബംഗ്ലാവ് ആക്കുന്നതിനുമായി 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ, തിരൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ 2021 ൽ തയ്യാറാക്കി നൽകിയിരുന്നു. എന്നാൽ അന്ന് ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ നടത്തിയ സൈറ്റ് ഇൻസ്പെക്ഷനിൽ, നിർദ്ദിഷ്ട ഇൻസ്പെക്ഷൻ ബംഗ്ലാവിനായി ഉദ്ദേശിച്ചിരുന്ന കെട്ടിടം, ദേശീയ പാതയുടെ ഉപരിതലത്തിൽ നിന്നും 3 മീറ്റർ താഴെയായതിനാലും, കെട്ടിടത്തിന്റെ പ്രധാനഭാഗങ്ങൾ ഉൾപ്പെടുന്ന മുൻവശം ദേശീയ പാത വികസനത്തിന് ഏറ്റെടുത്തതിനാലും 25 ലക്ഷം രൂപ ചെലവാക്കി കെട്ടിടം നവീകരിക്കുന്നതുകൊണ്ട് പ്രയോജനമില്ലാത്തതിനാലും നിർദ്ദിഷ്ട പദ്ധതിയുമായി മുന്നോട്ട് പോകേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ